## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2668      17.06.2019-ൽ മറുപടിയ്ക്ക്

## കന്നുകാലി പ്രജനന നയം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സണ്ണി ജോസഫ് | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) | 2008 ലെ കന്നുകാലി പ്രജനന നയം സമൂലമായി പുനരവലോകനം ചെയ്ത് പുതിയ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; | എ) | ഉണ്ട്. 29.10.2018-ലെ സർക്കാർ ഉത്തരവ് (സാധാ) നം.526/2018/എ.എച്ച്.ഡി പ്രകാരം പുതിയ നയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) | സംസ്ഥാനത്ത് ജനിക്കുന്ന പശുക്കിടാക്കളെ ഉല്പാദനക്ഷമതയുള്ള പശുക്കളായി മാറ്റുവാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതികൾ എന്തൊക്കെയാണ്; | ബി) | പുതിയ കന്നുകാലി പ്രജനന നയത്തിന് അനുസൃതമായി ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജം ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്തെ എല്ലാ കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലും കൃത്യസമയത്ത് കെ.എൽ.ഡി.ബോർഡ് എത്തിക്കുന്നു. 2016-17 വർഷം സംസ്ഥാനത്തെ സങ്കരവർഗ്ഗ പശുക്കളുടെ പ്രതിദിന ശരാശരി പാലുൽപ്പാദനം 10.25 ലിറ്ററായി ഉയർന്നുകഴിഞ്ഞു. തുടർന്നും ആയത് വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കെ.എൽ.ഡി.ബി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.<br>• വിത്തുകാളകളുടെ ജനിതക മേന്മ തെളിയിക്കുന്നതിനുള്ള "സന്തതി പരിശോധനാ പദ്ധതി" സംസ്ഥാനത്തെ വടക്കൻ ജില്ലകളായ കോഴിക്കോട്, വയനാട്, കണ്ണൂർ, എന്നിവിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും, ഇവിടെ നിന്നും മേൽത്തരം വിത്തുകാളക്കുട്ടികളെ ഉൽപ്പാദിപ്പിച്ച്, ഇവയെ സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തന ങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. |

- കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ കേന്ദ്ര കൃഷി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള, സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസി കളിൽ നിന്നും വാങ്ങി, അവയുടെ ബീജവും ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്ത് വരുന്നു.

- വളരെ ഉയർന്ന ജനിതക ശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽ നിന്നും, നാല് വിത്തുകാളകളെ ഡെൻമാർക്കിൽ നിന്നും മാട്ടുപ്പെട്ടി ഫാമിലേക്ക് ഇറക്കുമതി ചെയ്ത്, അവയുടെ ബീജമാത്രകൾ സംസ്ഥാനത്തി-നകത്ത് വിതരണം ചെയ്ത് വരുന്നു.

- കാനഡയിൽ നിന്നും ഉയർന്ന ജനിതക മേന്മയുള്ള വിത്തുകാളകളുടെ 40000 ഗാഢശീതീകരിച്ച ബീജമാത്രകൾ ഇറക്കുമതി ചെയ്ത്, സംസ്ഥാനത്തിനകത്ത് വിതരണം ചെയ്ത് വരുന്നു.

- പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാന ത്തിനായി, കാനഡയിൽ നിന്നും ലിംഗനിർണ്ണയം നടത്തിയ 16000 ബീജമാത്രകൾ ഇറക്കുമതി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുന്നു. കേരളത്തിലങ്ങോളമിങ്ങോളം ഏകദേശം 302 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ട ത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

കൂടാതെ, മൃഗസംരക്ഷണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1) ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം- കർഷകരുടെ മൃഗസംരക്ഷണത്തിനുള്ള ബാങ്ക് ലോണുകളുടെ പലിശക്ക് പരമാവധി 5000 രൂപവരെ സബ്സിഡി നൽകുന്നു.

| | | | |
|---|---|---|---|
| | | | 2) ഗോവർദ്ധിനി - സംസ്ഥാനത്ത് ജനിക്കുന്ന പശുക്കിടാങ്ങളെ ഉല്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റുവാൻ ഗുണമേന്മയുള്ള കാലിത്തീറ്റ സൗജന്യ നിരക്കിൽ നൽകുന്ന കന്നുക്കുട്ടി പരിപാലന പദ്ധതി<br>3) സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി- (ഗോസമൃദ്ധി) ഉരുക്കൾക്കും ക്ഷീര കർഷകർക്കും ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി<br>4) രാത്രികാല സേവനങ്ങൾ ഉൾപ്പെടെയുള്ള നിരന്തര വെറ്ററിനറി സേവനം<br>5) ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി<br>6) മാതൃക മൃഗസംരക്ഷണ ഗ്രാമങ്ങൾ<br>7) ഊർജ്ജിക കന്നുകാലി വികസന പദ്ധതി<br>8) രോഗപ്രതിരോധ പദ്ധതികൾ<br>ക്ഷീരവികസന വകുപ്പ് 2018-19-ൽ കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയിലൂടെ 2450 കന്നുക്കുട്ടികളെ ഉല്പാദന ക്ഷമതയുള്ള പശുക്കളായി മാറ്റുന്നതിനായി 240 ലക്ഷം രൂപാ ചിലവഴിച്ചിട്ടുണ്ട്. കൂടാതെ, ഉത്പാദന ക്ഷമതയുള്ള കറവപശുക്കളെ സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി 100 കിടാരികൾ വീതമുള്ള ഹീഫർ പാർക്ക് പദ്ധതിയും നടപ്പിലാക്കിവരുന്നു. |
| സി) | സംസ്ഥാനത്തെ പ്രധാന ക്ഷീരോല്പാദന മേഖലകളിൽ ലിംഗനിർണ്ണയം നടത്തിയ ഹോൾസ്റ്റീൻ ജനുസ്സിന്റെ ബീജമാത്രകൾ വിതരണം ചെയ്യുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; | സി) | ഉണ്ട്. സംസ്ഥാനത്തെ പ്രധാന ക്ഷീരോൽപ്പാദന മേഖലകളിൽ ലിംഗനിർണ്ണയം നടത്തിയ ഹോൾസ്റ്റീൻ ജനുസ്സിന്റെ ബീജമാത്രകൾ വിതരണം ചെയ്തു വരുന്നു. വിവിധ ജില്ലകളിലായി 2017–18 ൽ 1670 ഡോസ് ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രകളും 2018–19 ൽ 555 ഡോസ് ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രകളും വിതരണം ചെയ്തു കഴിഞ്ഞു. |

| | | | |
|---|---|---|---|
| ഡി) | സംസ്ഥാനത്തെ ക്ഷീരമേഖലയ്ക്ക് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | ഡി) | സംസ്ഥാനത്തെ ക്ഷീരമേഖലയ്ക്ക് മൃഗസംരക്ഷണ വകുപ്പ് വഴി കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) കന്നുകാലി ആരോഗ്യ സംരക്ഷണവും രോഗനിയന്ത്രണവും (60% കേന്ദ്രാവിഷ്കൃത പദ്ധതി)<br>2) മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കും സാമ്പിൾ സർവ്വെയും (50% കേന്ദ്ര സഹായം)<br>3) കന്നുകാലി സെൻസസ് (100% കേന്ദ്രസഹായം)<br>4) ദേശീയ കന്നുകാലി മിഷൻ (National Livestock Mission -NLM) 60% കേന്ദ്രാവിഷ്കൃത പദ്ധതി)<br>1) സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി<br>2) തീറ്റപ്പുൽ വികസന പദ്ധതി.<br>കെ.എൽ.ഡി.ബോർഡിന് കേന്ദ്ര സഹായം ലഭ്യമാകുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) കന്നുകാലി പ്രജനനത്തിനുള്ള ദേശീയ പദ്ധതി (National Programme for Bovine Breeding ) -100%<br>2) രാഷ്ട്രീയ ഗോകുൽ മിഷൻ (Rashtriya Gokul Mission) -100%<br>3) ദേശീയ ക്ഷീര പദ്ധതി (National Dairy Plan) - 100%<br>കന്നുകാലികളുടെ ഉൽപ്പാദനക്ഷമതയ്ക്കായുള്ള ദേശീയ മിഷൻ (National Mission on Bovine Productivity) (60:40) |

സെക്ഷൻ ഓഫീസർ